**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 321** **10-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട താലൂക്കാസ്ഥാന ആശുപത്രിക്ക് സ്ഥലം വാങ്ങൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട താലൂക്കാസ്ഥാന ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിന് 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിനോട് ഭൂമി കണ്ടെത്തുന്നതിനായുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് 01/04/2024 തീയതിയിലെ ആർ.ഇ1/71/2024/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ 03.06.2024 തീയതിയിലെ LSGD/PD/15541/2024-REV6 നമ്പർ കത്ത് പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർ തിരുവനന്തപുരം, സെക്രട്ടറി നേമം ബ്ലോക്ക് പഞ്ചായത്ത് എന്നിവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി വാങ്ങുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നതായി 05.06.2024-ലെ ബി.പി1/1170/2024/NMM നമ്പർ കത്ത് പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.ഇ.) വകുപ്പ്

നമ്പർ. ആർ.ഇ1/71/2024/ത.സ്വ.ഭ.വ.

തിരുവനന്തപുരം,
ഫോൺ : 0471 2518874,
ഇ-മെയിൽ : lsgd.reso@gmail.com,
തീയതി: 01-04-2024.

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ബഡ്ജറ്റ് 2024-2025- കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിക്കായി ഭൂമി വാങ്ങുക - പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കണമെന്ന ആവശ്യം - സംബന്ധിച്ച്.

സൂചന:- 1. ബഹു. കാട്ടാക്കട എം.എൽ.എ. യുടെ 29.02.2024 -ലെ കത്ത്
2. 2024-2025 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II ക്രമ നം. 2223

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിനായി ഭൂമി വാങ്ങുന്നതിന് 450 ലക്ഷം രൂപ അടങ്കലിൽ 20% തുകയായ 90,00,000/- രൂപ സൂചന (2) പ്രകാരം 2024-2025 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരം താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
നിസ്സാം എസ് എ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: rev.pdlsgd@kerala.gov.in

No. **LSGD/PD/15541/2024-REV6** തീയതി: 03-06-2024

പ്രിൻസിപ്പൽ ഡയറക്ടർ

ജില്ലാ ജോയിന്റ് ഡയറക്ടർ
തിരുവനന്തപുരം

സെക്രട്ടറി,
നേമം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം: ത.സ്വ.ഭ.വ. - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ബഡ്ജറ്റ് 2024-25 -കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിക്കായി ഭൂമി വാങ്ങുക - പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കണമെന്ന ആവശ്യം - സംബന്ധിച്ച്

സൂചന: 1. 01.04.2024 ലെ ആർ.ഇ1/71/2024/ത.സ്വ.ഭ.വ നമ്പർ സർക്കാർ കത്ത്

സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിനായി ഭൂമി വാങ്ങുന്നതിന് 450 ലക്ഷം രൂപ അടങ്കലിൽ 20% തുകയായ 90,00,000/- രൂപ 2024-25 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II,വാല്യം II ക്രമ നം.2223 പ്രകാരം 2024-2025 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

SUMESH K R
DEPUTY DIRECTOR
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

*ഭരണഭാഷ- മാതൃഭാഷ

**നേമം ബ്ലോക്ക് പഞ്ചായത്ത് ആഫീസ്**

മലയിൻകീഴ് പി.ഒ, തിരുവനന്തപുരം                പിൻ - 695571

**ഫോൺ:** 0471 - 2282025,                **ഇ-മെയിൽ:** bdonemom@gmail.com

നം. ബി.പി.1/1170/2024/ NMM                തീയതി: 05/06/2024

പ്രേഷിതൻ
സെക്രട്ടറി
ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്
നേമം

സ്വീകർത്താവ്
പ്രിൻസിപ്പൽ ഡയറക്ടർ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
തദ്ദേശ സ്വയംഭരണ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- നേമം ബ്ലോക്ക് പഞ്ചായത്ത് - മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിക്ക് സ്ഥലം വാങ്ങുന്നത്--സംബന്ധിച്ച്

സൂചന :- 2024-25 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റ്മേറ്റുകളുടെ അനുബന്ധം II, വാല്യം II ക്രമ നം. 2223

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിക്ക് ഭൂമി വാങ്ങുന്നതിനായി 450 ലക്ഷം രൂപ അടങ്കലിൽ 20 % തുകയായ 90,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ഭൂമി വാങ്ങുന്നതിന് പ്രാരംഭ നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

OFFICE OF THE BLOCK PANCHAYAT NEMOM

സെക്രട്ടറി
നേമം ബ്ലോക്ക് പഞ്ചായത്ത്